നുവേണ്ടി ജീവൻ നൽകാൻ തയ്യാറായ ഒരു കുടുംബത്തിനുണ്ടായ ദുരന്തത്തിൽ, പ്രത്യേകിച്ച് ആന്ധ്രപ്രദേശിൽ വിജയവാഡയിലെ നീതിപാലകരിൽനിന്ന് ഉണ്ടായിട്ടുള്ള ഈ ക്രൂരമായ നടപടിയിൽ ഞാൻ ശക്തമായി പ്രതിഷേധിക്കുന്നു. ഇതിന് അടിയന്തിര നടപടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെൻറിനോടും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഔദ്യോഗികമായി സംസ്ഥാന ഗവൺമെൻറിന് വിവരമില്ലെങ്കിലും ഈ കാര്യത്തെ സംബന്ധിച്ച് കിട്ടിയിടത്തോളം വിവരം വെച്ച് നോക്കിയപ്പോൾ ശ്രീ. മുരളീധരൻറെ കയ്യിൽ കുറെ പണമുണ്ടായിരുന്നു. അദ്ദേഹത്തെ മാനസികമായി സുഖമില്ലാത്ത നിലയിൽ റെയിൽവേ സ്റ്റേഷനിൽവച്ച് കണ്ടപ്പോൾ അവിടെ എക്സ് ചേഞ്ചിൽ ജോലി ചെയ്തിരുന്ന ഒരു കൃഷ്ണൻ നായർ അദ്ദേഹം ഇങ്ങനെ അലഞ്ഞു നടന്നാൽ എന്തെങ്കിലും സംഭവിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് സെപ്റ്റംബർ 16-ാം തീയതി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയത്. പക്ഷേ, പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയതിൻറെ പിറ്റേദിവസം അദ്ദേഹം മരണപ്പെട്ടു. അങ്ങനെ മരണപ്പെട്ടതിനെക്കുറിച്ച് പരാതിയുമുണ്ടായി. അതിനെക്കുറിച്ച് നാട്ടുകാരും വളരെയധികം അജിറ്റേറ്റഡ് ആയിരുന്നു. അവസാനം അവിടത്തെ ഗവൺമെൻറ് അതേക്കുറിച്ച് ഒരു മജിസ്റ്റീരിയൽ എൻക്വയറി നടത്താമെന്ന് പ്രസ്താവിക്കുകയുണ്ടായി. എങ്കിലും ജനങ്ങൾക്ക് തൃപ്തിയാകാത്തതിനെത്തുടർന്ന് പ്രാദേശികമായി ആ നാട്ടുകാർ തന്നെ അതിന് മുൻകൈ എടുത്തു പ്രവർത്തിച്ചതിൻറെ ഫലമായി ആന്ധ്രാ പ്രദേശ് ഗവൺമെൻറ് ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ചെയ്ത സാഹചര്യത്തിൽ എന്തെങ്കിലും കൂടുതൽ ചെയ്യാനുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാണ്.

(5) തൃശ്ശൂരിൽ ശക്തൻ തമ്പുരാൻ നഗറിൽ ആരംഭിച്ചിരിക്കുന്ന പുതിയ ബസ് സ്റ്റാൻറ്

ശ്രീ. വി. കെ. രാജൻ: സർ, തൃശ്ശൂർ പട്ടണത്തിൽ നടപ്പിലാക്കിയ യാത്രക്കാരെ വലയ്ക്കുന്ന ട്രാഫിക് പരിഷ്ക്കാരത്തിൽ അടിയന്തിരമായ മാറ്റം വരുത്തണം. ഈ പരിഷ്ക്കാരം മൂലം യാത്രക്കാരുടെമേൽ അധിക സാമ്പത്തിക ഭാരവും വരുത്തിവച്ചിരിക്കുന്നു. ശക്തൻ തമ്പുരാൻ നഗറിൽ ആരംഭിച്ചിട്ടുള്ള പുതിയ ബസ് സ്റ്റാൻറിൽ പ്രാഥമികമായി വേണ്ടതായ യാതൊരു സൗകര്യങ്ങളും ഏർപ്പെടുത്താതെ ധൃതിപിടിച്ച് ഇത്തരം ഒരു പരിഷ്ക്കാരം നടപ്പിലാക്കിയതിൻറെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെ വയ്യ. ജനങ്ങളുടെ ഇടയിൽ പല തരത്തിലുള്ള സംശയങ്ങളും ഇതുമൂലം നിലനിൽക്കുന്നു. സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള തീരുമാനം യാത്രക്കാരെ ഞെക്കിപ്പിഴിയുന്നതിനുള്ള വഴിയൊരുക്കൽ മാത്രമാണ്. നഗരത്തിലേക്ക് പോകുന്ന യാത്രക്കാർ ഈ സർക്കുലർ ബസ്സുകളെ ആശ്രയിക്കുന്നതുകൊണ്ട് അവരുടെ യാത്രാച്ചെലവിൽ സാരമായ വർദ്ധനവുണ്ടാവുകയായിരിക്കും ഫലം. പല ബസ് ഉടമകളും സർക്കുലർ ബസ് പെർമിറ്റ് കിട്ടുന്നതിനുവേണ്ടി പതിനായിരക്കണക്കിന് രൂപ കോഴയുമായി ആർ. റ്റി. ഒ. മാരുടെ വീടുകളും കയറിയിറങ്ങി തുടങ്ങിയിട്ടുണ്ട്. സ്റ്റാൻറുകളെ ആശ്രയിക്കുന്ന യാത്രക്കാർക്ക് നടന്നുപോകുന്നതിനുള്ള സൗകര്യവും അപര്യാപ്തമാണ്. പട്ടാളം റോഡിലേക്കുള്ള സഞ്ചാരം അപകടകരവുമാണ്. സന്ധ്യ കഴിഞ്ഞാൽ ആ വഴി സ്ത്രീകൾക്കും കുട്ടികൾക്കും യാത്ര അസാദ്ധ്യമാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ഫ്രീക്വൻസി പരിഷ്ക്കാരത്തിനു മാറ്റം വരുത്തണം. തെക്കുഭാഗത്തുനിന്നുവരുന്ന ബസ്സുകളും വടക്കേചിറ സ്റ്റാന്റിലും, വടക്കുഭാഗത്തുനിന്നു വരുന്ന ബസ്സുകളും ശക്തൻ തമ്പുരാൻ സ്റ്റാന്റിലും എത്തത്തക്കവിധത്തിൽ നടപടിയുണ്ടാക്കണം. അതോടൊപ്പം മുനിസിപ്പൽ സ്റ്റാന്റിലും സ്വരാജ് ഗ്രൗണ്ടിലും യാത്രക്കാർക്ക് കയറാനും ഇറങ്ങാനും ഉള്ള സ്റ്റോപ്പുകളും ഉണ്ടാക്കണം. ഈ മാറ്റം വരുത്തി യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ പഴയ മുനിസിപ്പൽ ആഫീസിനു മുൻഭാഗത്തായി പ്രവർത്തിച്ചിരുന്ന ബസ്സ്റ്റാന്റ് അപര്യാപ്തമായിരുന്നു. അവിടെ വലിയ തിക്കും തിരക്കുമായിരുന്നു. തൃശ്ശൂർ നഗരത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ശാപവും ആയിരുന്നു. തൃശ്ശൂർ നഗരത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും പ്രധാനമായിട്ടുള്ള, മനോഹരമായിട്ടുള്ള ഒരു ബസ്സ്റ്റാന്റ് എല്ലാവർക്കും സ്വീകാര്യപ്രദമായി. അതുകൊണ്ട് എല്ലാവരുംകൂടി ആലോചിച്ച് മുനിസിപ്പാലിറ്റി ഒരു തീരുമാനമെടുത്ത് ശക്തൻതമ്പുരാൻ നഗറിലേക്ക് ഈ ബസ്സ്റ്റാന്റ് മാറ്റി. അത് ഏറ്റവും ഉചിതമായ ഒരു കാര്യമാണ്. പക്ഷേ ഇപ്പോഴത് തുടങ്ങിയതേയുള്ളൂ, കുറച്ച് അസൗകര്യങ്ങളും ജനങ്ങൾക്കുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ, ആ അസൗകര്യം പരിഹരിക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

ഒന്ന് ശക്തൻ തമ്പുരാൻ ബസ്സ്റ്റാന്റിലേക്ക് കിഴക്കുഭാഗത്തുനിന്ന് ഉള്ളതും, തെക്കുഭാഗത്തുനിന്നുള്ളതുമായ റോഡുകളും ലെവൽ ചെയ്തു മെറ്റൽ ചെയ്തു പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വണ്ടികൾ ഓടിക്കുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല. പൊതുജനങ്ങൾക്ക് നടന്നുപോകാനും പ്രയാസമില്ല. പുതിയ ബസ്സ്റ്റാന്റിലേക്ക് പട്ടാളം റോഡിൽ നിന്നുള്ള പുതിയ റോഡ് മണ്ണിട്ട് ലെവൽ ചെയ്തുവരുന്നുണ്ട്. എത്രയും വേഗം അതു തീരും. അപ്പോൾ പട്ടാളം റോഡുകൂടി അതിന്റെ ഇംപ്രൂവ്മെന്റിലേക്ക് കടന്നുകഴിഞ്ഞാൽ പിന്നെ ഒരു പ്രയാസവും ഇല്ല. ആ ബസ്സ്റ്റാന്റിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും പൊതുജനങ്ങൾക്ക് ഈ റോഡിൽകൂടി ബുദ്ധിമുട്ട് കൂടാതെ ബസ്സ്റ്റോപ്പിൽ എത്താം. മേൽപ്പറഞ്ഞ റോഡുകളിലും ബസ്സ്റ്റാന്റ് യാർഡിലും ലൈറ്റുകളും ആവശ്യത്തിനുണ്ട്. പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട് എന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

(6) എഴുവിന്ന പഞ്ചായത്തിലെ ഗവൺമെന്റ് ഡിസ്പെൻസറി

ശ്രീമതി കെ. ആർ. ഗൗരി : സർ, അരൂർ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ് എഴുവിന്ന പഞ്ചായത്ത്. എഴുവിന്ന പഞ്ചായത്തിൽ 1949-ൽ തുടങ്ങിയതാണ് ഇന്നു നിലനിൽക്കുന്ന അലോപ്പതി ഡിസ്പെൻസറി. അവിടെയുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കെട്ടിടത്തിലാണ് ഡിസ്പെൻസറി നടത്തുന്നത്. ആ കെട്ടിടത്തിൽ സ്വാഭാവികമായി അതിന് കൂടുതൽ സൗകര്യങ്ങളും ഉണ്ടായിരുന്നതുകൊണ്ട് അവിടെ രോഗികളെ കിടത്തി ചികിൽസിച്ചുവരുന്നത്. ആ കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് സൊസൈറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അവിടെ ഒരു ഡിസ്പെൻസറി കെട്ടിടം പണിചെയ്തത്. ആ ഡിസ്പെൻസറി കെട്ടിടം പണി തീർന്നിട്ട് കുറച്ചു കാലമായി. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. വെള്ളം കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly